"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റി (ഓംബുഡ്സ്മാൻ) കാര്യാലയത്തിലേക്ക് ഷിഫ്റ്റ് ചെയ്ത തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1614/2025/LSGD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 20/01/2024 തീയതിയിലെ സ.ഉ.(സാധാ) നം.166/2024/തസ്വഭവ നമ്പർ ഉത്തരവ്
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സംസ്ഥാന മിഷൻ ഡയറക്ടറുടെ 06/06/2025-ലെ NREGA/552/2023/A3 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രൂപീകൃതമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റി (ഓംബുഡ്സ്മാൻ) കാര്യാലയത്തിലേക്ക് പരാമർശം (1) പ്രകാരം ഷിഫ്റ്റ് ചെയ്ത തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.സന്തോഷ്കുമാർ.കെ.ബി.-യ്ക്ക് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയിൽ നിയമിച്ചതിലൂടെ ഉണ്ടായ ഒഴിവിൽ തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീമതി. ആശ.റ്റി.ആർ. -നെ നിയമിക്കുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാന മിഷൻ ഡയറക്ടർ സർക്കാരിൽ കത്ത് സമർപ്പിച്ചിരുന്നു. ടിയാളുടെ അപേക്ഷ പരിഗണിയ്ക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലേയ്ക്ക് പുന:ക്രമീകരണം ചെയ്ത ശേഷം മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റി (ഓംബുഡ്സ്മാൻ) ഓഫീസിലേക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്തതും മേൽ പരാമർശിച്ച സാഹചര്യത്തിൽ ഒഴിവ് വന്നതുമായ സീനിയർ സൂപ്രണ്ട് തസ്തികയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ആശ.റ്റി.ആർ.-നെ നിയമിച്ച് ഉത്തരവാകുന്നു. പ്രസ്തുത തസ്തികയിലെ ശമ്പളവും മറ്റ് അലവൻസും മഹാത്മാഗാന്ധി

ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ ഭരണചെലവിനത്തിലുള്ള ഫണ്ടിൽ നിന്നും വഹിക്കേണ്ടതും, സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റി (ഓംബുഡ്സ്മാൻ) പ്രവർത്തിക്കാത്ത സമയത്ത് ടി തസ്തിക തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ തിരികെ പ്രവർത്തിക്കേണ്ടതുമാണെന്ന് കൂടി വ്യവസ്ഥ ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
2) സംസ്ഥാന മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
3) ശ്രീമതി. ആശ.റ്റി.ആർ, സീനിയർ സൂപ്രണ്ട്,തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4) അക്കൗണ്ടന്റ് ജനറൽ ( എ&ഇ / ഓഡിറ്റ്), തിരുവനന്തപുരം.
5) ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
6) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 27-06-2025 17:11:01
സെക്ഷൻ ഓഫീസർ